# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **986**

25.01.2018-ലെ മറുപടി

## ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പ്രദീപ്കുമാർ | മാത്യു ടി.തോമസ് (ബഹു. ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരമുള്ള കുടിവെള്ള വിതരണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വിശദമാക്കാമോ; | (എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയിൽ 174 ദശലക്ഷം ശേഷിയുള്ള ജലശുദ്ധീകരണശാല, 101 ദശലക്ഷം ശേഷിയുള്ള 20 ജലസംഭരണികൾ, 124 കിലോ മീറ്റർ ദൈർഘ്യമുള്ള ട്രാൻസ്മിഷൻ പൈപ്പുകൾ 1954 കിലോമീറ്റർ ദൈർഘ്യമുള്ള വിതരണ കുഴലുകൾ എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്. നിർമ്മിക്കപ്പെട്ട സംഭരണികളിൽ പലതിൽ നിന്നും വിതരണം ആരംഭിച്ചിട്ടുണ്ടെങ്കിലും വിതരണ ശൃംഖലയുടെ പ്രവർത്തി ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ ഭൂരിഭാഗം റോഡുകളിലും അനുമതി ലഭിച്ചിട്ടുണ്ട് എങ്കിലും. കോർപ്പറേഷൻ മേഖലയിൽ ദേശീയ പാതയിലും . കൂടാതെ പ്രധാനപ്പെട്ട മറ്റു ചില പാതകളിലും വീതി കൂട്ടുന്ന പ്രവർത്തികൾ നടക്കുന്നത് മൂലം അത്തരം റോഡുകളിലും പണി ആരംഭിക്കാൻ സാധിച്ചിട്ടില്ല. കോർപ്പറേഷൻ മേഖലയിൽ ആകെയുള്ള 605 കി.മിറ്ററിൽ 400 കി.മീറ്റർ പൈപ്പു സ്ഥാപിക്കുന്ന പ്രവർത്തികൾ പൂർത്തീകരിച്ചു. പഞ്ചായത്ത് മേഖലകളിൽ 1257 കി.മീറ്ററിൽ 978 കി. മീറ്റർ പൈപ്പു ലൈൻ സ്ഥാപിക്കുന്ന പ്രവർത്തികളും പൂർത്തീകരിച്ചു. സംഭരണിയിൽ നിന്നും പ്രധാന പൈപ്പുകൾ സ്ഥാപിച്ചു കൂടുതൽ ജല വിതരണത്തിനായി എത്തിക്കുന്നതിനും വിതരണ ശൃംഖലയിലുള്ള ശേഷിക്കുന്ന പണികൾ പൂർത്തികരിക്കുന്നതിനുമുള്ള പ്രവർത്തികൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതി പ്രകാരം കടിവെള്ളം പരിപൂർണ്ണമായി എന്നാമുതലാണ് വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കാമോ? | (ബി) | ഈ പദ്ധതിയിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ (ഏകദേശം 10 മേഖലകളിൽ) 2019 മാർച്ച് മാസത്തോടെ പദ്ധതി പൂർത്തികരിച്ച ജല വിതരണം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ